I/556490/2023

<u>ഭരണഭാഷ- മാതൃഭാഷ</u>

## <u>ആലപ്പുഴ വിദ്യാഭ്യാസ ഉപഡയറക്ടറുടെ നടപടി ഉത്തരവ്</u>

സാന്നിദ്ധ്യം: KRISHNAKUMAR C C

വിഷയം :- പൊതുവിദ്യാഭ്യാസം-ജീവനം - അന്തർ ജില്ലാ സ്ഥലംമാറ്റം 2023-24 എച്ച്.എസ്.റ്റി (ഗണിതം) തസ്തികയിൽ ആലപ്പുഴ ജില്ലയിലേക്ക് അന്തർ ജില്ലാ സ്ഥലംമാറ്റം അനുവദിച്ചു കൊണ്ടുള്ള അന്തിമ സ്ഥലംമാറ്റ ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം :

1) പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ 27/10/2023 ലെ എ 1/ 11483/2023/ഡി ജി ഇ നമ്പർ സർക്കുലർ.
2) അദ്ധ്യാപകരുടെ ഓൺലൈൻ മുഖേനയുള്ള അന്തർ ജില്ലാ സ്ഥലംമാറ്റ അപേക്ഷകൾ
3) പൊതു സ്ഥലംമാറ്റ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ച സീനിയോരിറ്റി ലിസ്റ്റ്.
4) സ.ഉ.(എം.എസ്) 94/2003/പൊ.വി.വ തിയതി.23/04/2003.
5) സ.ഉ.(പി) നമ്പർ 42/2012/ ഉ.ഭ.പ.വ തിയതി. 23/08/2012.

## <u>ഉത്തരവ് നമ്പർ ഡി ഡി ഇ എ എൽ പി/7823/2023- എ 2 തീയതി :21-12-2023</u>

പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ പരാമർശം (1) സർക്കുലർ പ്രകാരം ലഭിച്ച ഓൺലൈൻ സ്ഥലംമാറ്റ അപേക്ഷകൾ പരിഗണിച്ച് താഴെ പറയുന്ന അദ്ധ്യാപകന് ആലപ്പുഴ ജില്ലയിൽ എച്ച്.എസ്.റ്റി (ഗണിതം) തസ്തികയിലേക്ക് അന്തർ ജില്ലാ സ്ഥലംമാറ്റം അനുവദിച്ച് ഇതിനാൽ ഉത്തരവാകുന്നു.

അന്തർ ജില്ലാ സ്ഥലംമാറ്റം ലഭിക്കുന്ന അദ്ധ്യാപകൻറെ സർവീസ് സീനിയോരിറ്റി ആലപ്പുഴ ജില്ലയിൽ ജോലിയിൽ പ്രവേശിക്കുന്ന തിയതി മുതൽ മാത്രമേ കണക്കാക്കുകയുള്ളൂ. ആലപ്പുഴ ജില്ലയിൽ എച്ച്.എസ്.റ്റി (ഗണിതം) തസ്തികയിൽ ഏറ്റവും ജൂനിയറായി മാത്രമേ പരിഗണിക്കപ്പെടുകയുള്ളൂ എന്ന് അംഗീകരിക്കുന്ന ഒരു പ്രസ്താവന ടി അധ്യാപകനിൽ നിന്നും വാങ്ങി സാക്ഷ്യപെടുത്തി സേവനപുസ്തകത്തിൽ പതിച്ച് ചേർത്തതിനു ശേഷം മാത്രം ടി അധ്യാപകനെ വിടുതൽ ചെയ്യാൻ പ്രഥമാധ്യാപകൻ ശ്രദ്ധിക്കേണ്ടതാണ്.

അദ്ധ്യാപകരുടെ ഓൺലൈൻ അപേക്ഷ പരിഗണിച്ചുള്ള സ്ഥലംമാറ്റം ആകയാൽ സ്ഥലംമാറ്റ ഉത്തരവ് യാതൊരു കാരണവശാലും റദ്ദ് ചെയ്യുന്നതല്ല.അന്തർ ജില്ലാ സ്ഥലംമാറ്റം അനുവദിക്കപ്പെട്ട അദ്ധ്യാപകൻ 02 / 01 / 2024 തിയതിക്കകം വിദ്യാഭ്യാസ ഉപ ഡയറക്ടറുടെ അനുവാദ ത്തോടെ നിലവിൽ ജോലി ചെയ്യുന്ന സ്കൂളിൽ നിന്നും വിടുതൽ ചെയ്ത് ആലപ്പുഴ ജില്ലയിൽ ജോലിയിൽ പ്രവേശിക്കേണ്ടതാണ്.

അന്തർ ജില്ലാ സ്ഥലംമാറ്റം ലഭിച്ച അദ്ധ്യാപകൻപരാമർശം (5 ) ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഈ ജില്ലയിൽ ജോലിയിൽ പ്രവേശിക്കുന്ന തിയതി മുതൽ നിരീക്ഷണകാലം ആരംഭിച് പൂർത്തീകരിക്കേണ്ടതാണ്.

അപേക്ഷയിൽ സൂചിപ്പിച്ചിട്ടുള്ള വിവരങ്ങൾ വസ്തുതാ വിരുദ്ധമാണെന്ന് ഏ തെങ്കിലും സാഹചര്യത്തിൽ ബോധ്യ പെടുകയാണെങ്കിൽ മുൻകൂർ നോട്ടീസ് നൽകാതെ

I/556490/2023

അനുവദിക്കപ്പെട്ട സ്ഥലംമാറ്റം റദ് ചെയ്യുന്നതാണ്.

| ക്രമ നമ്പർ | അധ്യാപകന്റെ പേരും സ്കൂളിന്റെ പേരും | തസ്തിക | സ്ഥലംമാറ്റംഅനുവദിക്കുന്ന സ്കൂളിന്റെ പേര് | റിമാർ ക് സ് |
|---|---|---|---|---|
| 1 | ആൻ്റണി സിനീഷ് , ഗവണ്മെന്റ് .എച് . എസ് .എസ് .കുണ്ടംകുഴി , കാസർഗോഡ്. | എച്ച്.എസ്.റ്റി (ഗണിതം) | ഗവണ്മെന്റ് ഗേൾസ് ഹൈസ്കൂൾ ചേർത്തല. (34024) | ജനറൽ |

പ്രവേശന റിപ്പോർട്ട് പ്രഥമാധ്യാപിക യഥാസമയം ഈ കാര്യാലയത്തിൽ അറിയിക്കേണ്ടതാണ്.

Signed by
Krishnakumar C C വിദ്യാഭ്യാസ ഉപഡയറക്ടർ
Date: 21-12-2023 11:01:37 ആലപ്പുഴ

സ്വീകർത്താവ്

1) ബന്ധപ്പെട്ട വിദ്യാഭ്യാസ ഉപഡയറക്ടർ
2) ബന്ധപ്പെട്ട പ്രഥമാദ്ധ്യാപകൻ
3) ബന്ധപ്പെട്ട അദ്ധ്യാപകൻ (എച്ച്.എം മുഖേന)
4) കരുതൽ ഫയൽ